LIBRARY ARCHIVES Kerala Legislative Assembly

ഓറോടംപാലം - മാനത്ത്മംഗലം ബൈപ്പാസ് റോഡ് നിർമ്മാണം

47 (796) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഓറോടം പാലം - മാനത്ത് മംഗലം നിർദ്ദിഷ്ട ബൈപ്പാസ് റോഡുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് ഇതിനോടകം പൂർത്തീകരിച്ചത് ;

(ബി) ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കുമോ?

(എ & ബി) ഭൂമി ഏറ്റെടുക്കുന്നതിനായി അതിർത്തിക്കല്ല് സ്ഥാപിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി അർത്ഥന നൽകിയിട്ടുണ്ട്. റെയിൽവേ മേൽപ്പാലത്തിന്റെ പി&ഇ (പ്ലാൻ & എസ്റ്റിമേറ്റ്) ചാർജ്ജിനത്തിൽ 16,23,800 രൂപ സതേൺ റെയിൽവേയ്ക്ക് നൽകിയിട്ടുണ്ട്. റെയിൽവേ മേൽപ്പാലത്തിന്റെ ഡിസൈൻ റെയിൽവേയിൽനിന്ന് ലഭിക്കേണ്ടതുണ്ട്.

(സി) പ്രസ്തുത ബൈപ്പാസ് റോഡ് നിർമ്മാണത്തിനുള്ള തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ?

(ഡി) ഇല്ലെങ്കിൽ ഈ പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ തുക ഏത് രീതിയിൽ വകയിരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

(സി&ഡി) ഇല്ല. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

റോഡ് നിർമ്മാണത്തിന് നൂതന സാങ്കേതികവിദ്യ

48 (797) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് നിർമ്മാണത്തിന് നൂതന സാങ്കേതികവിദ്യകളും കാലാവസ്ഥ പ്രതിരോധ സാങ്കേതികവിദ്യകളും സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കുമ്പോഴും മഴയിലും കടൽക്ഷോഭത്തിലും സംസ്ഥാനത്തെ റോഡുകൾ തകർന്ന് ഉപയോഗശൂന്യമാകുന്ന സ്ഥിതിവിശേഷമുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?